# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3691** **20/10/2016 ൽ മറുപടി**

## <u>വിദ്യാഭ്യാസ നിലവാരം</u>

| <u>ചോദ്യം</u> | | | <u>ഉത്തരം</u> |
|---|---|---|---|
| | **ശ്രീ. എം. സ്വരാജ്** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | (എ) | പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി വിവിധ പദ്ധതികൾ മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് 28/09/2016 ലെ സ.ഉ.(പി)41/16/ആ.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഒൻപതാം ക്ലാസ് വിദ്യാർത്ഥികളുടെ ശാസ്ത്രം, ഗണിതം, മാതൃഭാഷ എന്നീ വിഷയങ്ങളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'നവപ്രഭ' എന്ന ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്നതിനായി 45 മണിക്കൂർ ദൈർഘ്യമുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നവംബറിൽ പ്രസ്തുത പദ്ധതി സ്കൂളുകളിൽ ആരംഭിക്കും. കുട്ടികളിൽ ശാസ്ത്ര, ഗണിതശാസ്ത്ര ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിനുപുറത്ത് ദേശീയ പ്രാധാന്യമുള്ള ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് ആയിരം കുട്ടികൾക്ക് അവസരം നൽകും. ഇത്തരത്തിൽ സംസ്ഥാനത്തിനകത്ത് ശാസ്ത്ര ഗവേഷണ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് പതിനായിരം കുട്ടികൾക്ക് അവസരം നൽകുന്നുണ്ട്. സയൻസ്, ഗണിതശാസ്ത്ര പഠനം മെച്ചപ്പെടുത്തുന്നതിന് എസ്.ഐ.ഇ.ടി. കേരളയുടെ സഹായത്തോടെ ഇ-ലേണിങ് മെറ്റീരിയലുകളും മറ്റ് |

| | | | |
|---|---|---|---|
| | | | സഹായക ഉപകരണങ്ങളും നൽകും. എല്ലാ സർക്കാർ സ്കൂളുകൾക്കും 15,000 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യും. കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിന്റെ ഭാഗമായി സ്പോർട്സ് കൗൺസിലുമായി ചേർന്ന് എല്ലാ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കും അഞ്ചു ദിവസത്തെ യോഗ പരിശീലനം നൽകും. പ്രഥമാദ്ധ്യാപകരുടെ ശേഷി വികസനത്തിന്റെ ഭാഗമായി ദേശീയതലത്തിൽ NUEPA നടപ്പാക്കുന്ന സ്കൂൾ ലീഡർഷിപ്പ് ഡവലപ്പ്മെന്റ് പ്രോഗ്രാം 500 പ്രഥമാദ്ധ്യാപകർക്ക് നൽകുന്നതാണ്. പാഠഭാഗത്തിലെ കാഠിന്യമേഖലകൾ ആയാസരഹിതമാക്കുന്നതിനായി നിരന്തര മൂല്യനിർണ്ണയം, പാഠാസൂത്രണം എന്നിവയിൽ 3 ദിവസത്തെ ക്ലസ്റ്റർ പരിശീലനം അദ്ധ്യാപകർക്ക് നൽകും. ലാബ് ശാക്തീകരണം, ലൈബ്രറി വികസനം, ക്ലാസ് മുറികൾ ആകർഷകമാക്കൽ, വർക്ക് എക്സ്പീരിയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവയുടെ പരിപോഷണത്തിന് ആവശ്യമായ വസ്തുക്കൾ ഉറപ്പുവരുത്തൽ, ഐ.സി.റ്റി. ലാബിലെ അനുബന്ധ സൗകര്യം ഒരുക്കൽ, ജൈവപച്ചക്കറി കൃഷിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എല്ലാ സർക്കാർ സ്കൂളുകൾക്കും 50,000 രൂപ സ്കൂൾ ഗ്രാന്റായി ലഭ്യമാക്കും. കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരമൊരുക്കുക, സ്കൂൾ ലൈബ്രറികളിലേക്ക് അവശ്യം വേണ്ട പുസ്തകങ്ങൾ ലഭ്യമാക്കുക എന്നിവക്കായി എല്ലാ ജില്ലകളിലും ഓരോ ബുക്ക് ഫെയർ സംഘടിപ്പിക്കും. പെൺകുട്ടികളുടെ ശാക്തീകരണത്തിനായി എല്ലാ ജില്ലകളിലും 2 ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കും. എസ്.സി/എസ്.റ്റി. കുട്ടികൾക്ക് സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ വിവിധ മേഖലകളിൽ പരിശീലനം നൽകും. പെൺകുട്ടികളുടെ സ്വയം പ്രതിരോധശേഷി വികസനത്തിന്റെ ഭാഗമായി കളരി, കരാട്ടേ, തായ് കൊണ്ട തുടങ്ങിയ ആയോധന കലകളിൽ പരിശീലനം നൽകും. ഇന്ററാക്ടീവ് റേഡിയോ |

| | | | |
|---|---|---|---|
| | | | പ്രോഗ്രാമിന്റെ ഭാഗമായി ആകാശവാണിയുമായി ചേർന്ന് പ്രത്യേക വിദ്യാഭ്യാസ പരിപാടി നടപ്പാക്കും. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 14 സ്കൂളുകളിൽ പരീക്ഷണ അടിസ്ഥാനത്തിൽ 'ശാലാ ദർപ്പൺ' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ആർ.എം.എസ്.എ.-ലൂടെ അപ്ഗ്രേഡ് ചെയ്ത 86 സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ, ഫർണീച്ചറുകൾ, ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ ലഭ്യമാക്കുന്നു. 28/09/2016 ലെ സ.ഉ.(പി) 41/16/ആ.സ.വ. പ്രകാരം ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.<br>2. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.<br>3. എൽ.പി.-യു.പി. ക്ലാസുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിത വികസനം ഉറപ്പാക്കുക.<br>4. 50 വർഷം 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക. |

സെക്ഷൻ ഓഫീസർ